സമുദായക്കാരാക്കി മാറേണ്ടവർ എന്നു് കേരള ഗവൺമെന്റിനു് അഭിപ്രായമുള്ള സമുദായങ്ങളെക്കൂടി ആ കോർപ്പറേഷന്റെ പ്രവർത്തനപരിധിയിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടു്. അതനുസരിച്ചു് കുടുംബിസമുദായവും ഇതിൽപ്പെടുന്ന സമുദായമാണു്.

ശ്രീ. എം.കെ. കേശവൻ: പട്ടികജാതിക്കാരുടെ കൂടെ കുടുംബി സമുദായത്തെക്കൂടി ഉൾപ്പെടുത്താൻ കേന്ദ്രഗവൺമെന്റിനോടു് സംസ്ഥാന ഗവൺമെന്റു് ശുപാർശചെയ്തിട്ടുള്ളതായി അറിയുന്നു. ഈ വിഭാഗത്തിൽപ്പെട്ട ആളുകളും നമ്മുടെ സംസ്ഥാനത്തു് എത്രയുണ്ടെന്നു് വ്യക്തമായ കണക്കു ശേഖരിച്ചിട്ടുണ്ടോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: വ്യക്തമായ കണക്കു് ഗവൺമെന്റിന്റെ കൈവശമില്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

മണ്ണെണ്ണ വിതരണം

* 557 [582] ശ്രീ. ഇ.കെ. പിള്ള:
,, വി.ടി. സെബാസ്റ്റ്യൻ:
,, ഇ. ചന്ദ്രശേഖരൻ നായർ:
,, കെ.വി. കുര്യൻ:
,, ടി.എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉപഭോക്താക്കൾക്കു് വിതരണം ചെയ്യുവാൻ ലഭിക്കുന്ന മണ്ണെണ്ണയുടെ അളവെന്തു്;

(ബി) ഉപഭോക്താക്കൾക്കു് വിതരണം ചെയ്യാൻ ഒരു മാസം എത്രമാത്രം മണ്ണെണ്ണ വേണ്ടിവരും?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ): (എ, ബി) 1978 ജനുവരി മുതൽ 1979 മാർച്ചുവരെ പ്രതിമാസം ശരാശരി 13900 കിലോ ലിറ്റർ മണ്ണെണ്ണ ലഭിച്ചിട്ടുണ്ടു്. ഇപ്പോഴത്തെ കിട്ടിക്കൊണ്ടിരിക്കുന്ന മണ്ണെണ്ണ ഉപഭോക്താക്കൾക്കു ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനു മതിയാകുന്നതാണു്.

റിപ്പബ്ലിക്ദിന പരിപാടികൾ

* 558 [592] ശ്രീ. എം.വി. രാഘവൻ:
,, കെ. അനിരുദ്ധൻ:
,, ചടയൻ ഗോവിന്ദൻ:
,, പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സഭയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ചു് ഡൽഹിയിൽ നടന്ന പരിപാടിയിൽ കേരളം പങ്കെടുത്തോ;

LIBRARY ARCHIVES Kerala Legislative Assembly